## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം *51 — 09/02/2016 മറുപടിയ്ക്ക്

## ജനനി ജന്മരക്ഷ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>" വി.പി. സജീന്ദ്രൻ<br>" എ.പി. അബ്ദുള്ളക്കുട്ടി<br>" ജോസഫ് വാഴയ്ക്കൻ : | | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജനനി ജന്മരക്ഷ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. സർക്കാർ ഉത്തരവ് (ആർ.റ്റി) നം.793/2013/പജപവവിവ. തിരുവനന്തപുരം, തീയതി 18/06/2013 പ്രകാരം 2013 ജൂൺ മാസം മുതൽ എ.പി.എൽ/ബി.പി.എൽ വ്യത്യാസമില്ലാതെ പട്ടികവർഗ്ഗക്കാരായ ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കുമായി പട്ടികവർഗ്ഗ വികസനവകുപ്പ് ജനനി ജന്മരക്ഷ എന്ന പദ്ധതി നടപ്പാക്കി വരുന്നു, 11/08/2013ന് അട്ടപ്പാടിയിൽ വച്ച് ഔദ്യോഗികമായി ടി പദ്ധതി ഉത്ഘാടനം ചെയ്യപ്പെട്ടു. സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ; | (ബി) | ഗർഭാവസ്ഥയുടെ മൂന്നാം മാസം കഴിഞ്ഞ് കുഞ്ഞിന് ഒരു വയസ്സ് തികയും വരെ പ്രതിമാസം 1000/- രൂപ നിരക്കിൽ പരമാവധി 18 മാസം ഗുണഭോക്താക്കൾക്ക് ധനസഹായം നല്കി വരുന്നു. ഗർഭാവസ്ഥയിലുള്ളവർക്കും മുലയൂട്ടുന്ന അമ്മമാർക്കും ആരോഗ്യസംരക്ഷണം ഉറപ്പ് വരുത്തുകയാണ് പദ്ധതിയുടെ ലക്ഷ്യം. |

| | | | |
|---|---|---|---|
| (സി) | പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | ജനനി ജന്മരക്ഷ പദ്ധതിയിൽ ഗുണഭോക്താക്കളെ നിശ്ചയിക്കുന്നതിന് മാനദണ്ഡം നിശ്ചയിക്കുകയും 2225-02-282-89 ജനനി ജന്മരക്ഷ പദ്ധതി (പ്ലാൻ) ശീർഷകം അനുവദിക്കുകയും ചെയ്തു. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ വിവിധ ജില്ലകളിൽ നിന്നും വരുന്ന ഗുണഭോക്താക്കളുടെ പട്ടികകൾ ക്രോഡീകരിച്ച് ഇന്ത്യൻ പോസ്റ്റൽ വകുപ്പ് മുഖേന മണിയോഡറായി ഗുണഭോക്താക്കൾക്ക് തുക അയച്ചു നല്കുന്നു. ജനനി ജന്മരക്ഷ പദ്ധതി പ്രകാരം 2013-14, 2014-15 കാലയളവിൽ സർക്കാർ അനുവദിച്ച തുക ഇന്ത്യൻ പോസ്റ്റൽ വകുപ്പ് മുഖേന മണിയോഡറായി അയച്ചു നല്കിയിരുന്നു. എന്നാൽ ഏതാനും മണിയോർഡറുകൾ വിവിധ കാരണത്താൽ മടങ്ങി വരികയും നിശ്ചിത സമയപരിധിക്കുള്ളിൽ എല്ലാ ഗുണഭോക്താക്കൾക്കും തുക അയയ്ക്കാൻ പറ്റാത്ത സാഹചര്യം നിലവിൽ വന്നപ്പോൾ 2015-16 സാമ്പത്തികവർഷം സർക്കാർ അനുവദിച്ച തുക ജില്ലാ ഓഫീസർമാർ മുഖേന ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിന് അലോട്ട്മെന്റ് നല്കി തുക ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിക്കായി ചുവടെ ചേർത്തിരിക്കും പ്രകാരം തുക അനുവദിയ്ക്കുകയും ചെയ്തിട്ടുണ്ട്.<br><br>2013-14 സാമ്പത്തിക വർഷം 115 ലക്ഷം രൂപ അനുവദിക്കുകയും തുടർന്ന് Additional Authorization മുഖേന 300 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 2014-15 സാമ്പത്തിക വർഷം 100 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തി അനുവദിയ്ക്കുകയും തുടർന്ന് റീ-അപ്രോപ്രിയേഷനിലൂടെ 50 ലക്ഷം രൂപ അനുവദിയ്ക്കുകയും ചെയ്തിട്ടുണ്ട്.<br>2015-16 സാമ്പത്തികവർഷം 655 ലക്ഷം രൂപ ബജറ്റിൽ അനുവദിച്ച് നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

## Abstract

Scheduled Castes / Scheduled Tribes Development Department - Guidelines of the scheme 'Janani Janmaraksha' - Orders issued

---

SCHEDULED CASTES / SCHEDULED TRIBES DEVELOPMENT (PM) DEPARTMENT

G.O.(Rt) No.793/2013/SCSTDD. Dated,Thiruvananthapuram,18.06.2013

---

Read:-1. G.O (Rt) No.735/13/SCSTDD, dated 01.06.2013.

2. Letter.No.C 2-15783/12 dated 28.04.2013 from the Director Scheduled Tribes Development Department.

## ORDER

As per the Government Order read above administrative sanction has been issued for the scheme named 'Janani Janmaraksha' to provide financial assistance to Scheduled Tribes pregnant women and new born babies, for which the guidelines were ordered to be issued separately.

Accordingly Government have examined the proposal submitted by the Director Scheduled Tribes Development Department in his letter read above and are pleased to order the guidelines of the scheme 'Janani Janmaraksha' as follows:

1. All Scheduled Tribes pregnant women irrespective of APL/BPL category will be the beneficiaries of the scheme.

2. The beneficiary will receive an amount of ₹ 1000/- per month from the 3rd month of the prenatal period and up to 12 months in the postnatal period (@ ₹1000 x18=18000)

3. In order to receive the benefit she has to register with the JPHN or ASHA . Self made declaration is to be accepted for the first installment. The 2nd installment will be received if the JPHN/Doctor has completed at least one antenatal check up for the mother. The 7th month installment is to be paid after she has done BP check, Urine routine check, HB estimation and weight check up at least once. The 11th month installment should be released if the child has had zero dose OPV, birth dose HPV and BCG. The final installment to be given when the child had three dose primary immunizations. The JPHN and ASHA will be notified that it is their job to ensure that all the required antenatal and infant should be provided to the tribal women.

4. The Mother(ST) is ceased to be the beneficiary of the scheme after 12 months of the postnatal period.

5. The amount should be utilized only for the purpose of procurement of nutritional food for the mother and child.

6. The duly filled application (in the prescribed format) should be countersigned by JPHN and submitted to TEO/ITDP/Scheduled Tribes Development Department through promoter or direct.

7. The Tribal Development Officer [illegible] should enter the name of the incumbent in the list of beneficiaries and to sanction the first installment of the aid soon on receipt of application.

8. The benefit shall be extended from the period of 3 months of pregnancy in the case of applications received in advance.

9. The benefit has to be considered as one stretch simultaneously for both the mother and the newborn baby.

10. If the beneficiary has lost her entitlement for the benefit due to miscarriage/death of child, she may be given the full benefits with a humanitarian consideration.

11. A register in this regard to be opened by all implementing officers and progress of the scheme shall be furnished to the Director, Scheduled Tribes,Development Department along with the plan progress report, so as to enable the Director, Scheduled Tribes Development Department to furnish the progress report in the matter periodically to government.

(By Order of the Governor),
Davendra Kumar Dhodawat
Secretary

To

The Director, Scheduled Tribes Development Department
The Director, Health service, Thiruvananthapuram
The District Collector,
(Through Director, ST Development Department)
The Principal Accountant General (Social & General Sector), Kerala, Thiruvananthapuram.
The Principal Accountant General (Economic & Revenue Sector), Kerala,
Thiruvananthapuram.(This issues with the approval of State Level Working Group)
The Finance Department.
The Health Department. vide U.O No.26871/FW2/2013/H&FWD dated 17.06.2013
for issuing direction on item No.3
The Chief, Decentralized Planning Division, State Planning Board, Thiruvananthapuram
The Information Officer, Web & New Media, I & PRD,
Government Secretariat, Thiruvananthapuram
Stock file / Office Copy.

Forwarded/By Order,

Section Officer.